ഏപ്രിൽ 2020

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃക പദ്ധതി



കേസരി ബാലകൃഷ്ണപിള്ളയുടെ പൈതൃകം സജീവമായി നിലനിർത്തുന്നതിന്, മുസിരിസ് പൈതൃക പദ്ധതി അദ്ദേഹത്തിന്റെ വടക്കൻ പറവൂരിലെ വീട് പൈതൃക മ്യൂസിയമാക്കി മാറ്റി.

# ഞങ്ങളും ജാഗരൂകരാണ്

ലോകത്തിന്റെ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും കോവിഡ്-19 രോഗബാധയെത്തുടർന്നുണ്ടായ ഞെട്ടലിനെയും വിഷാദത്തെയും ഭയത്തെയും സാമ്പത്തിക പ്രതിസന്ധികളെയും നേരിട്ടുകൊണ്ടിരിക്കുകയാണ് ജനത. അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആരോഗ്യ പ്രവർത്തകരും ഭരണകർത്താക്കളും സാമൂഹിക പ്രവർത്തകരും രാപകലില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കർക്കശമായ നിയമങ്ങളും നിർദേശങ്ങളും നടപ്പാക്കിക്കഴിഞ്ഞു. സുരക്ഷിതമായൊരു ലോകം ഉറപ്പുവരുത്തുന്നതിനുള്ള ദീർഘമായ പോരാട്ടമാണത്.

ലോകാരോഗ്യ സംഘടന (ഡബ്ല്യുഎച്ച്ഒ) കൊറോണവൈറസ് രോഗത്തെക്കുറിച്ച് (കോവിഡ്-19) നിരന്തരം വിവരങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. ചൈനയിലെ വുഹാനിൽ ആദ്യമായി കണ്ടെത്തുമ്പോൾ അജ്ഞാത കാരണത്താലുണ്ടായ ന്യുമോണിയ എന്നായിരുന്നു നിഗമനം. 2019 ഡിസംബർ 31നാണ് ലോകാരോഗ്യ സംഘടനയുടെ ചൈനയിലെ ദേശീയ കാര്യാലയത്തിൽ ഇതു റിപ്പോർട്ട് ചെയ്യപ്പെടുന്നത്. 2020 ജനുവരി 30ന്, ആഗോള ആശങ്കയുണ്ടാക്കുന്ന പൊതുജനാരോഗ്യ അടിയന്തരാവസ്ഥയായി ഇതു പ്രഖ്യാപിക്കപ്പെട്ടു. 2020 ഫെബ്രുവരി 11ന് പുതിയ രോഗത്തിന്റെ പേരു പ്രഖ്യാപിച്ചു. കോവിഡ്-19. പിന്നീട്, പകർച്ചയുടെ ആശങ്കാജനകമായ തോതും രൂക്ഷ സ്വഭാവവും കാരണം ഈ വൈറസ് ബാധയെ മഹാമാരിയായി പ്രഖ്യാപിച്ചു.

വൃത്തിയുള്ള കൈകളുടെ പ്രാധാന്യം ഊട്ടിയുറപ്പിച്ച്, ജനങ്ങളെ സോപ്പോ ആൽക്കഹോൾ അധിഷ്ഠിതമായ ഹാൻഡ് റബ്ബോ ഉപയോഗിച്ച് കൈകൾ ശുചിയായി സൂക്ഷിക്കുന്നതിനു പ്രേരിപ്പിക്കുന്ന 'സെയ്ഫ് ഹാൻഡ്സ് ചലഞ്ച്' സർക്കാർ തുടങ്ങിവച്ചത് ഇന്നും വൈറസ് ബാധയെ പ്രതിരോധിക്കാനുള്ള പ്രധാന മാർഗങ്ങളിലൊന്നായി തുടരുന്നു.

ഭാരത സർക്കാർ സ്വീകരിച്ച വിവിധ നടപടികൾക്കും പുറപ്പെടുവിച്ച നിർദേശങ്ങൾക്കുമൊപ്പം, കേരള സർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനു കീഴിലുള്ള കൊറോണവൈറസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ സ്റ്റേറ്റ് സെല്ലും ട്രാവൽ ആൻഡ് ടൂറിസം മേഖലയ്ക്കായി കൊവിഡ്-19 മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്.

നിലവിലുള്ള പ്രതിസന്ധിക്കൊപ്പം മലിനീകരണത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും വർധിച്ചു വരുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും ലോകം ജാഗരൂകമാണ്. ജീവസന്ധാരണത്തിന് ഉചിതമായ മാലിന്യമുക്തമായൊരു പരിസ്ഥിതി ഉറപ്പാക്കേണ്ടതുണ്ട് എന്ന പാഠം കൂടിയാണ് വർത്തമാനകാല പ്രതിസന്ധികൾ നമുക്കു നൽകുന്നത്.

'ഒരിക്കലും പിന്മാറാതിരിക്കുക എന്നതാണ് ഈ കളിയുടെ നിയമം' എന്നാണ് ലോകാരോഗ്യ സംഘടന പറഞ്ഞിരിക്കുന്നത്. കൊവിഡ്-19 പ്രതിരോധിക്കുന്നതിനും പടരുന്നതു തടയുന്നതിനും എല്ലാ രാജ്യങ്ങളും ഒരുമിച്ചു ലക്ഷ്യം വയ്ക്കണം, രോഗവ്യാപനമില്ലാത്ത രാജ്യങ്ങൾ അടക്കം.

'പ്രതീക്ഷയാവട്ടെ ഭയത്തിനുള്ള മറുമരുന്ന്.

പൊതു മാനവികതയാവട്ടെ പൊതു ഭീഷണിക്കുള്ള പ്രതിവിധി.'



# ട്രാവൽ ക്ലാസിക്

അലൈൻ ഡോബി ഈ വർഷം ഫെബ്രുവരി ആദ്യമാണ് ആലപ്പുഴ ഹെറിറ്റേജ് പദ്ധതി സന്ദർശിക്കുന്നത്. രണ്ടു വർഷം മുൻപ് മുസിരിസ് പൈതൃക പദ്ധതിയിലേക്കു നടത്തിയ സന്ദർശനത്തിന്റെ ആഹ്ലാദകരമായ തുടർച്ച എന്നാണ് അവരതിനെ വിശേഷിപ്പിച്ചത്. മുസിരിസിന്റെ സമൃദ്ധമായ പൈതൃക സമ്പത്ത് വളരെ ആകർഷകവും വിജ്ഞാനപ്രദവുമാക്കി.

മൂന്നോ നാലോ നൂറ്റാണ്ട് പഴക്കമുള്ള, താരതമ്യേന പുതിയ പട്ടണമായാണ് ആലപ്പുഴ ശ്രീമതി ഡോബിക്ക് അനുഭവപ്പെട്ടത്. അതിന്റെ ആവിർഭാവം, വളർച്ച, യന്ത്രവത്കരണം മൂലം കയർ മേഖലയിലുണ്ടായ തകർച്ച എന്നിവയെല്ലാം അവരിൽ താത്പര്യം ജനിപ്പിച്ചു. ആലപ്പുഴ പദ്ധതിയെ പ്രശംസനീയമായ ശ്രമം എന്നു വിശേഷിപ്പിച്ച അവർ, പുരാതന കെട്ടിടങ്ങളെ സംരക്ഷിക്കാനും പുനരുദ്ധരിക്കാനും മ്യൂസിയങ്ങളാക്കി പട്ടണത്തിന്റെ ചരിത്രസൂചികകളാക്കി മാറ്റാനും നടത്തിവരുന്ന ശ്രമങ്ങളെ ശ്ലാഘിക്കുകയും ചെയ്തു. പ്രധാന കനാലുകളുടെ നവീകരണവും പുതിയതായി നിർമിച്ച സൈക്കിൾ പാതകളും നടപ്പാതകളും ആലപ്പുഴയെ കൂടുതൽ ആകർഷകമാക്കും. പ്രദേശവാസികളുടെയും സംസ്ഥാന സർക്കാരിന്റെയും അർപ്പണവും സഹകരണവും തുടർന്നും ലഭ്യമായാൽ, കനാലുകളും ബീച്ചുകളും മ്യൂസിയങ്ങളുമടങ്ങുന്ന, ആംസ്റ്റർഡാമിനെ ഓർമിപ്പിക്കുന്ന ഒരു നഗരമായി ആലപ്പുഴ മാറും. ഇന്ത്യയിലെ ഓരോ പുനരുദ്ധാരണ-ശുചീകരണ പ്രവർത്തനങ്ങളും രാജ്യത്തെ കൂടുതൽ തിളക്കമുള്ളതാക്കുന്നു. 'ആലപ്പുഴയ്ക്ക് ഒരു ആധുനിക പൈതൃക നഗരമായി വളരാൻ ശേഷിയുണ്ട്, പദ്ധതി വലിയ വിജയമായി പര്യവസാനിക്കട്ടെ എന്നു ഞാൻ ആത്മാർഥമായി ആശംസിക്കുന്നു', അലൈൻ കൂട്ടിച്ചേർത്തു.

ഉത്തരേന്ത്യയിൽ ജനിച്ചു വളർന്ന ശ്രീമതി ഡോബി ഇപ്പോൾ സ്കോട്ട്ലാൻഡിലാണ് സ്ഥിരതാമസം. ഇന്ത്യയെക്കുറിച്ചുള്ള നാലു പുസ്തകങ്ങളുടെ രചയിതാവാണ്. ട്രാവൽ സൈറ്റുകൾക്കു വേണ്ടിയും അച്ചടി മാധ്യമങ്ങൾക്കു വേണ്ടിയും യാത്രാക്കുറിപ്പുകളും എഴുതുന്നു. ഇന്ത്യ എന്നും അവർക്ക് വലിയ ആകർഷണമാണ്. എല്ലാ വർഷവും ഇന്ത്യയിലെത്തി, ഇവിടത്തെ ജീവിതം അടയാളപ്പെടുത്തുന്നുണ്ട് അവർ. അവരുടെ നോൺ-ഫിക്ഷൻ രചനകളിൽ ഏറെയും ഇന്ത്യയെക്കുറിച്ചുള്ളതാണ്. മാനുഷിക പ്രശ്നങ്ങളും വന്യജീവി സംരക്ഷണവുമെല്ലാം ഇഷ്ടവിഷയങ്ങൾ. ഇന്ത്യയ്ക്കു നൽകുന്ന പ്രചാരം മാനിച്ച് എൻആർഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ 2006ലെ സ്വർണ മെഡലിന് അവരെ തെരഞ്ഞെടുത്തിരുന്നു. സ്കോട്ട്ലാൻഡിലെ ഇന്ത്യൻ കോൺസുലേറ്റിൽ ഇന്ത്യയുടെ എഴുപതാം ഭരണഘടനാ ദിനത്തോടനുബന്ധിച്ച് ഗസ്റ്റ് സ്പീക്കറായും അവർ പങ്കെടുത്തു.

# കേസരി ബാലകൃഷ്ണപിള്ള





പൈതൃക സമ്പത്തിനെയാണ് മുസിരിസ് പൈതൃക പദ്ധതി അതിന്റെ മ്യൂസിയങ്ങളിൽ സംരക്ഷിച്ചു പോരുന്നത്. പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്ത വിവിധ മ്യൂസിയങ്ങളിൽ വിവിധ കാലഘട്ടങ്ങളിലെ കേരള ചരിത്രത്തെയും സാംസ്കാരിക പാരമ്പര്യത്തെയും പ്രതിനിധീകരിക്കുന്ന വസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്നു.

ആധുനിക കേരളത്തിന്റെ ബൗദ്ധിക അടിത്തറ കെട്ടിപ്പടുത്ത എഴുത്തുകാരനും സാഹിത്യ വിമർശകനും മാധ്യമ പ്രവർത്തകനുമായിരുന്ന കേസരി എ. ബാലകൃഷ്ണ പിള്ള തന്റെ ജീവിതത്തിലെ അവസാനത്തെ രണ്ടു പതിറ്റാണ്ട് ചെലവഴിച്ച (1940 – 1960) വടക്കൻ പറവൂരിലെ മാടവനപ്പറമ്പിലുള്ള വീട് ഇത്തരത്തിൽ ഒരു മ്യൂസിയമാക്കി മാറ്റിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കേസരിയുടെ വിവിധ കൃതികളും കൈയെഴുത്ത് പ്രതികളും പല സ്രോതസുകളിൽ നിന്നായി ശേഖരിച്ചിട്ടുണ്ട്. അവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയായാലുടൻ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭ്യമാക്കും.

1889 ഏപ്രിൽ 13ന് തിരുവനന്തപുരത്താണ് കേസരിയുടെ ജനനം. കേരളം കണ്ട ആദ്യത്തെ കലാ നിരൂപകനും പ്രഗല്ഭനായ സാഹിത്യ – സാംസ്കാരിക – സഹൃദയ തത്വചിന്തകനുമാണ് അദ്ദേഹം എന്നതിൽ സംശയമില്ല. മാധ്യമ രംഗത്തും നേതൃപരമായ പങ്കാണ് അദ്ദേഹം വഹിച്ചത്. അദ്ദേഹത്തെ സംബന്ധിച്ച്, മാധ്യമ പ്രവർത്തനമെന്നത് സത്യത്തിന്റെ വീക്ഷണമായിരുന്നു.

അധ്യാപകനായാണ് ബാലകൃഷ്ണ പിള്ള ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. അതേസമയം, നിയമ പഠനം തുടരുകയും ചെയ്തെങ്കിലും ആ തൊഴിൽരംഗത്ത് അധികകാലം തുടർന്നില്ല. അഭിഭാഷകനായി പ്രവർത്തിക്കുന്ന സമയത്താണ് 'സമദർശി' എഡിറ്റ് ചെയ്യാൻ അതിന്റെ പ്രസാധകൻ ക്ഷണിക്കുന്നത്. മറ്റു ചില പ്രസാധകരുടെ കൂടെ താത്പര്യം കണക്കിലെടുത്ത് അദ്ദേഹം എഴുതാനും തുടങ്ങി. അദ്ദേഹത്തിന്റെ തന്നെ ശാരദ പ്രസ് 'പ്രബോധകൻ' എന്ന പത്രവും പ്രസിദ്ധീകരിച്ചെങ്കിലും ഏതാനും മാസങ്ങൾക്കുള്ളിൽ അതു നിലച്ചു പോയി. അതിനു ശേഷമാണ് വാരികയായി 'കേസരി' പ്രസിദ്ധീകരണം ആരംഭിക്കുന്നത്. രാഷ്ട്രീയവും സാഹിത്യവുമായിരുന്നു ഉള്ളടക്കം. ഇതോടെയാണ് കേസരി എന്ന പേരിൽ ബാലകൃഷ്ണ പിള്ള പ്രശസ്തിയാർജിക്കുന്നത്. വർധിച്ചു വന്ന കടക്കെണി കാരണം പ്രസിദ്ധീകരണം നിർത്താനും പ്രസ് വിറ്റ് കടങ്ങൾ വീട്ടാനും അദ്ദേഹം നിർബന്ധിതനായി. അതിനടുത്ത അഞ്ച് വർഷമാണ് സാഹിത്യകാരൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ വലിയ വളർച്ച കാണാനായത്. പിന്നീട് ഭാര്യയുടെ സ്ഥലമായ വടക്കൻ പറവൂരിലേക്ക് താമസം മാറി. അങ്ങനെ അധ്യാപകൻ, അഭിഭാഷകൻ, പ്രസാധകൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം അദ്ദേഹം പേരെടുത്തു.

പുരോഗമന സാഹിത്യം, ചരിത്ര ഗവേഷണം, സാഹിത്യ വിമർശനം, കലാ നിരൂപണം എന്നീ മേഖലകളിൽ അദ്ദേഹത്തിന്റെ സംഭാവനകൾ അനുപമമാണ്. ആധുനിക കേരളത്തിന്റെ ചരിത്രത്തിൽ സ്വതന്ത്രവും നിർഭീകവും വിമർശനാത്മകവുമായ മാധ്യമ പ്രവർത്തനത്തിന്റെ സ്ഥാപകനും പ്രകാശമാനമായ സ്രോതസുമായി അദ്ദേഹം അറിയപ്പെടുന്നു. സമകാലിക സംഭവങ്ങൾ ചർച്ച ചെയ്യുന്നതിനു പുറമേ അദ്ദേഹം കേരളത്തിലുള്ളവർക്ക് ഒരു ആഗോള കാഴ്ചപ്പാട് നൽകുകയും വാർത്തകളും വീക്ഷണങ്ങളും ഒരു രാജ്യാന്തര ഭൂമികയിൽ വിശകലനം ചെയ്യുകയും ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇംഗ്ലീഷിലും ഫ്രഞ്ചിലും പ്രസിദ്ധീകരിച്ച ലേഖനങ്ങൾ അദ്ദേഹം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു. വായനക്കാർക്ക് പുതിയ ആശയങ്ങളും ലോകവീക്ഷണങ്ങളും പരിചയപ്പെടുത്തി. കലാ മേഖലയെക്കുറിച്ച് ആഴത്തിലുള്ള അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. കേരളത്തിലെ വിവിധ പെയ്ന്റിങ്ങുകൾ അദ്ദേഹം സൂക്ഷ്മമായി പഠിക്കുകയും അജന്തയിലെയും എല്ലോറയിലെയും പുരാതന ചുവർ ചിത്രങ്ങളുമായി താരതമ്യം ചെയ്യുകയും ചെയ്തു.

അവിഭാജ്യമായ രണ്ടു മാനങ്ങളുള്ളതാണ് കേസരിയുടെ സാഹിത്യ ജീവിതം. എഴുത്തുകാരൻ എന്ന നിലയിൽ അദ്ദേഹം വിപുലമായ

ഗവേഷണങ്ങൾ നടത്തുകയും ചരിത്രം, സാഹിത്യം, കല എന്നീ വിഷയങ്ങളെക്കുറിച്ച് സമൃദ്ധമായി എഴുതുകയും ചെയ്തു. ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ ഭാഷകളിലെ ക്ലാസിക് കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. അദ്ദേഹത്തിന്റെ ചരിത്ര പാഠങ്ങൾ കേരളത്തിലെ വായനക്കാർക്കു മുന്നിൽ സമഗ്രതയുടെ പുതിയൊരു ജാലകം തുറന്നിട്ടു. വിമർശകൻ എന്ന നിലയിൽ വിവിധ സാഹിത്യ പ്രസ്ഥാനങ്ങളുടെയും സിദ്ധാന്തങ്ങളുടെയും അടിസ്ഥാനത്തിൽ കൃതികളെ അപഗ്രഥിച്ചു. അത്തരത്തിൽ ഇവിടത്തെ സാഹിത്യ സൃഷ്ടികളെ വലിയ സാഹിത്യ പ്രസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുക കൂടിയാണ് അദ്ദേഹം ചെയ്തത്. സാഹിത്യ രംഗത്തെ പുരോഗമനവാദം സ്വീകരിച്ച ആദ്യ വിമർശകരിലൊരാളാണ് കേസരി.

ജീവൽ സാഹിത്യത്തിന്റെ വിഷയം (30/08/1937), ജീവൽ സാഹിത്യത്തിന്റെ സാങ്കേതിക മാർഗം (26/07/1937), ജീവൽ സാഹിത്യവും സാധാരണ സാഹിത്യവും (04/10/1937) തുടങ്ങിയ അദ്ദേഹത്തിന്റെ മലയാളം ലേഖനങ്ങൾ ഇതിനു തെളിവാണ്. സോഷ്യലിസ്റ്റ് റിയലിസത്തിനൊപ്പം എക്സ്പ്രഷനിസം, ക്യൂബിസം, സർറിയലിസം, ഫ്യൂച്ചറിസം തുടങ്ങിയവയും ഇവിടെ വികസിപ്പിക്കേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തകഴി, ചങ്ങമ്പുഴ, വൈക്കം മുഹമ്മദ് ബഷീർ തുടങ്ങി അന്നത്തെ ഉയർന്നു വരുന്ന സാഹിത്യകാരൻമാരെ അദ്ദേഹം അത്തരത്തിൽ പ്രോത്സാഹിപ്പിച്ചു. യഥാർഥ ജീവിതത്തിന്റെയും സാധാരണ ജനങ്ങളുടെയും പ്രതിഫലനമാണ് അവരുടെ കൃതികളിൽ അദ്ദേഹം കണ്ടത്.

അങ്ങനെ ആധുനിക കേരളത്തിന്റെ ധൈഷണിക ചരിത്രത്തിൽ തിളങ്ങുന്ന നക്ഷത്രമായി കേസരി നിലകൊള്ളുന്നു.

കേസരിയുടെ മരണശേഷം അദ്ദേഹത്തെക്കുറിച്ച് നിരവധി പുസ്തകങ്ങൾ എഴുതപ്പെട്ടു. അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ സ്ഥാപിക്കപ്പെട്ടതാണ് വടക്കൻ പറവൂർ പൂയപ്പിള്ളിയിലെ കേസരി സ്മാരക വായനശാല. പറവൂരിലെ കേസരി ബാലകൃഷ്ണ പിള്ള സ്മാരക ടൗൺ ഹാൾ, തിരുവനന്തപുരത്തെ കേസരി സ്മാരക മന്ദിരം, മാടവനപ്പറമ്പിലെ സ്മൃതി മണ്ഡപം, വടക്കൻ പറവൂരിലെ കേസരി കോളെജ് എന്നിവയെല്ലാം അദ്ദേഹത്തിന്റെ ഓർമകൾ സജീവമാക്കി നിർത്തുന്ന സ്മാരകങ്ങളാണ്.

അസാധാരണനായ ആ പ്രതിഭാശാലി എന്നും ഒരു സാധാരണക്കാരനായി ജീവിച്ചു. 1960 ഡിസംബർ 18ന് കേസരി ബാലകൃഷ്ണ പിള്ള അന്തരിച്ചു.

(അദ്ദേഹത്തിന്റെ ജീവിതകാലത്തും മരണശേഷവും പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പട്ടിക ചുവടെ)

## കേസരിയുടെ കൃതികൾ

1916 – തിരുവിതാകൂർ ചരിത്രസംക്ഷേപം
ബാബിലോണു നിനേവയും അഥവാ പൗരസ്ത്യ പരിഷാകാരോൽപത്തി ലാർഡ് റാബർട്സ്
1918 – ലാർഡ് കിച്ച്നർ
1921 – പുരാതത്ത്വപ്രദീപം ഒന്നാം ഭാഗം
ഹുവാങ് ച്യാങ്, അലക്സാർ മഹാൻ, യൂളിസസ് ഗ്രാൻഡ്
രണ്ടു സാഹസിക യാത്രകൾ
ഐതിഹ്യദീപിക സാന്ധില്യ (ബൽസാക്ക്)
1922 – വിക്രമാദിത്യൻ ത്രിഭുവനമല്ലൻ ഹർഷവർദ്ധനൻ
1931 – കാമുകൻ (മോപ്പസങ്)
1933 – കാർമെൻ (പ്രോസ്പർ മെറിമേ)
1935 – നവലോകം
1935 – പ്രേതങ്ങൾ (ഇബ്സൻ)
1937 – രൂപമഞ്ജരി
1941 – ഒരു സ്ത്രിയുടെ ജീവിതം (മോപ്പസങ്)
1945 – ഓമനകൾ (പിരാൻഡലോ)
1947 – ആപ്പിൾപ്പൂമൊട്ട് (സിനൈദഹിപ്പിയൂസ്)
നോവൽ പ്രസ്ഥാനങ്ങൾ
1949 – മൂന്നു ഹാസ്യകഥകൾ
1952 – സാഹിത്യഗവേഷണമാല-ഒന്നാം ഭാഗം
1957 – പ്രാചീനകേരള ചരിത്രഗവേഷണം
സാങ്കേതികഗ്രന്ഥ നിരൂപണങ്ങൾ
1958 – ഒമ്പതു ഫ്രഞ്ചുകഥകൾ, നാലു ഹാസ്യകഥകൾ
1959 – സാഹിത്യ വിമർശനങ്ങൾ
ആദം ഉർബാസ് (ജേക്കബ് വാസ്സർമാൻ)
1960 – കുറെക്കൂടി സാങ്കേതിക ഗ്രന്ഥനിരൂപണങ്ങൾ
1961 – എട്ടു പാശ്ചാത്യകഥകൾ
കേസരിയുടെ മുഖപ്രസംഗങ്ങൾ
1984 – ചരിത്രത്തിന്റെ അടിവേരുകൾ
കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
1989 – കേസരിയുടെ ലോകങ്ങൾ
നവീന ചിത്രകല
1992 – ചരിത്രപഠനങ്ങൾ
2009 – Outline of Proto Historic Chronology of Western Asia
2011 – 13 – കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (4വാള്യം)



(മുസിരിസ് ഹെറിട്ടേജ് പ്രോജക്റ്റ് ശേഖരിച്ച കേസരിയുടെ നോട്ട്ബുക്കുകളിൽ നിന്ന്).




# ശിൽപശാല




പ്രിവന്റീവ് കൺസർവേഷൻ ആൻഡ് ഫസ്റ്റ്-എയ്ഡ് ഫോർ ആർക്കിയോളജിക്കൽ കളക്ഷൻസ് എന്ന വിഷയത്തിൽ ഒരു ത്രിദിന ശിൽപ്പശാല മുസിരിസ് പൈതൃക പദ്ധതിയും ഓസ്ട്രിയയിലെ വിയന്ന ആസ്ഥാനമായ അപ്ലൈഡ് ആർട്ട്സ് യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൺസർവേഷനും ചേർന്നു സംഘടിപ്പിച്ചിരുന്നു. ന്യൂഡൽഹിയിലെ ഓസ്ട്രിയൻ എംബസിയുടെയും വിയന്നയിലെ ഇന്ത്യൻ എംബസിയുടെയും യൂറേഷ്യ പസഫിക് യൂണിറ്റിന്റെയും സഹകരണത്തോടെ നടന്ന പരിപാടി 2020 മാർച്ച് നാല് മുതൽ ആറ് വരെ പുല്ലൂറ്റുള്ള മുസിരിസ് ഇന്റർനാഷണൽ റിസർച്ച് ആൻഡ് കൺവെൻഷൻ സെന്ററിലാണ് നടത്തിയത്.

മാർച്ച് നാല്, ബുധനാഴ്ച, ശിൽപ്പശാലയുടെ ഔപചാരിക ഉദ്ഘാടനം ഇന്ത്യയിലെ ഓസ്ട്രിയൻ സ്ഥാനപതി ഡോ. ബ്രിജിത്ത് ഓപ്പിങ്ങർ നിർവഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ സ്റ്റഡി ഓഫ് ദ ഹെറിറ്റേജ് ഓഫ് കോസ്റ്റൽ കേരള (ഐഎസ്എച്ച്സികെ) ഡയറക്റ്റർ പ്രൊഫ. കേശവൻ വെളുത്താട്ട് സ്വാഗതം ആശംസിച്ചു. വിയന്നയിലെ അപ്ലൈഡ് ആർട്ട്സ് യൂണിവേഴ്സിറ്റിയിൽനിന്നുള്ള പ്രൊഫ. ഗബ്രിയേല ക്രിസ്റ്റ് ചടങ്ങിൽ സംസാരിച്ചു. മുസിരിസ് പൈതൃക പദ്ധതി എംഡി പി.എം. നൗഷാദ് പൈതൃക സംരക്ഷണ പദ്ധതി പരിചയപ്പെടുത്തി. മ്യൂസിയങ്ങൾ സംബന്ധിച്ച് കേരള സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവും മുസിരിസ് പൈതൃക പദ്ധതിയുടെ കൺസൾട്ടന്റുമായ പ്രൊഫ. എം. വേലായുധൻ നായർ മുഖ്യ പ്രഭാഷണം നടത്തി.

എറണാകുളം ഹിൽ പാലസിലുള്ള സെന്റർ ഓഫ് ഹെറിറ്റേജ് സ്റ്റഡീസിലെ കൺസർവേഷൻ പോസ്റ്റ് ഗ്രാജ്വേഷൻ ഡിപ്ലോമ വിദ്യാർഥികളാണ് പ്രധാനമായും ശിൽപ്പശാലയിൽ പങ്കെടുത്തത്. തുടർന്നുള്ള സെഷനിൽ

ഡോ. മിഥുൻ സി. ശേഖരൻ മുസിരിസ് കോട്ടപ്പുറം കോട്ടയിലെ പര്യവേക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും സമൃദ്ധമായ കണ്ടെത്തലുകളെക്കുറിച്ചും വിദ്യാർഥികൾക്ക് വിശദീകരിച്ചു കൊടുത്തു. സെഷനുകളിലൂടനീളം പ്രൊഫ. കേശവൻ വെളുത്താട്ടും പ്രൊഫ. വേലായുധൻ നായരും വിദ്യാർഥികളുമായി സംവദിക്കുകയും വിലപ്പെട്ട നിർദേശങ്ങൾ നൽകുകയും ചെയ്തു.

മാർച്ച് 5 വ്യാഴാഴ്ച, ശിൽപ്പശാലയുടെ രണ്ടാം ദിവസം പ്രധാനമായും വടക്കൻ പറവൂരിലെ പട്ടണം പര്യവേക്ഷണ മേഖലയിലെ പ്രായോഗിക പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചത്. വിദ്യാർഥികളെ മൂന്നു ഗ്രൂപ്പായി തിരിച്ചായിരുന്നു പ്രവർത്തനങ്ങൾ. പ്രൊഫ. ഗബ്രിയേല ക്രിസ്റ്റ്, ഒബ്ജക്റ്റ് കൺസർവേറ്റർ കാതറിൻ ഷ്മിറ്റ്, യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ഡോ. യൊഹാന റുങ്കെൽ, സ്റ്റാഫ് മെംബർ ഡോ. തനുശ്രീ ഗുപ്ത എന്നിവർ കണ്ടീഷൻ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെസിഎച്ച്ആർ) ചെയർമാൻ ഡോ. പി.കെ. മൈക്കിൾ തരകൻ വിദ്യാർഥികളെ അഭിസംബോധന ചെയ്യുകയും



അവരുമായി സംവദിക്കുകയും ചെയ്തു. കെട്ടിടങ്ങളുടെ പഠനം, ഡിറ്റീരിയറേഷൻ ഏജന്റുകൾ കണ്ടെത്തൽ, അപകടസാധ്യതയുള്ള കാര്യങ്ങളെക്കുറിച്ചുള്ള അന്വേഷണം തുടങ്ങിയവയെക്കുറിച്ച് രണ്ടു മണിക്കൂർ പ്രായോഗിക പാഠവും നൽകി.

ഓരോ ഗ്രൂപ്പിന്റെയും കണ്ടെത്തലുകൾ അവതരിപ്പിക്കുന്നതിനാണ് മൂന്നാം ദിവസം ഉപയോഗിച്ചത്. 'ഫസ്റ്റ്-എയ്ഡ് ട്രീറ്റ്മെന്റ്സ് ഓൺ ആർക്കിയോളജിക്കൽ ഒബ്ജക്റ്റ്സ്' എന്ന വിഷയത്തിൽ കാതറിൻ ഷ്മിറ്റ് ക്ലാസ് നയിച്ചു. തുടർന്ന് ഇതെക്കുറിച്ച് വിദ്യാർഥികൾക്കിടയിൽ സംവാദവും നടത്തി. ശിൽപ്പശാല പര്യവസാനിക്കും മുൻപ് ഇതെക്കുറിച്ചുള്ള വിലയിരുത്തലുകൾ നടത്തുകയും അടുത്ത ശിൽപ്പശാലകൾക്കുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. പങ്കെടുത്തവർക്കെല്ലാം സാക്ഷ്യപത്രങ്ങൾ നൽകി.

പങ്കെടുത്തവർക്ക് മേഖലയിലെ വിവിധ ഘടകങ്ങളെക്കുറിച്ച് സംവദിക്കാനും വിവരങ്ങൾ ശേഖരിക്കാനും പ്രായോഗിക പരിജ്ഞാനം നേടാനും ത്രിദിന ശിൽപ്പശാല അവസരമൊരുക്കി.



ഇന്ത്യയിലെ ഓസ്ട്രിയൻ അംബാസഡർ ഡോ. ബ്രിജിത്ത് ഓപ്പിങ്ങർ മുസിരിസ് കോട്ടപ്പുറം കോട്ട, കോട്ടപ്പുറം ചന്ത, ചേരമാൻ ജുമാ മസ്ജിദ് തുടങ്ങിയ കൊടുങ്ങല്ലൂരിലെ പൈതൃക സ്മാരകങ്ങൾ സന്ദർശിച്ചു. പറവൂർ ജൂത സിനഗോഗിലും അവരെത്തി. തുടർന്ന് ബോട്ടിൽ യാത്ര ചെയ്ത് ചേന്ദമംഗലത്തെ പാലിയം നാലുകെട്ടും പാലിയം ഡച്ച് കൊട്ടാരവും സന്ദർശിച്ചു. മുസിരിസ് പൈതൃക പദ്ധതി എംഡി പി.എം. നൗഷാദും പ്രോജക്റ്റിലെ മറ്റു സ്റ്റാഫ് അംഗങ്ങളും അവരെ അനുഗമിച്ചു.



# ചവിട്ടുനാടകം

ചവിട്ടുനാടകത്തോട് വല്ലാത്തൊരു അഭിനിവേശമാണ് ഗോതുരുത്ത് നിവാസികൾക്ക്. തട്ടിലും താഴത്തും ചവിട്ടുനാടകത്തിന്റെ പ്രധാന വക്താവായി 35 വർഷമായി നിറഞ്ഞു നിൽക്കുകയാണ് ഗോതുരുത്തുകാരൻ തമ്പി പയ്യപ്പിള്ളി. ഈ തനത് കലാരൂപത്തിന് രാജ്യത്തിനകത്തും പുറത്തും കൂടുതൽ പ്രചാരം നൽകുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം ഇപ്പോഴും സ്കൂൾ കുട്ടികളെ ചവിട്ടു നാടകം പഠിപ്പിക്കുന്നു, പ്രത്യേകിച്ച് ഗോതുരുത്ത് സെന്റ് സെബാസ്റ്റിയൻസ് സ്കൂൾ വിദ്യാർഥികളെ. ഈ കുട്ടികൾ സംസ്ഥാന സ്കൂൾ കലോത്സവത്തിലെ എ ഗ്രേഡുകളടക്കം നേട്ടങ്ങളുമായി അദ്ദേഹത്തിന്റെ പ്രയത്നങ്ങളെ സാർഥകമാക്കുകയും ചെയ്യുന്നു.

പൂർണമായ അർപ്പണത്തോടെ അവർ ഓരോരുത്തരും ആശാൻ ചൊല്ലിക്കൊടുക്കുന്ന പാഠങ്ങൾ പഠിക്കുന്നു. താളാത്മകമായ ചുവടുകൾ, പാട്ടുകൾക്കൊത്തുള്ള അഭിനയം, ഭാവഹാവാദികൾ, വർണശബളമായ വസ്ത്രങ്ങളും മിന്നിത്തിളങ്ങുന്ന ആഭരണങ്ങളും, അളന്നുമുറിച്ച ശരീരചലനങ്ങൾ എല്ലാം ചേർന്ന് കലാകാരൻമാർക്കും കാഴ്ചക്കാർക്കും ഒരുപോലെ ആസ്വാദ്യമാകുന്നതാണ് ഈ കലാരൂപം.

കുരുന്നുകൾക്ക് കഴിവുകൾ തേച്ചുമിനുക്കാൻ നിരന്തരമായ പരിശീലനങ്ങൾ നടത്തിപ്പോരുന്നു. മുസിരിസ് ഗോതുരുത്ത് ചവിട്ടുനാടകം പെർഫോമൻസ് സെന്റർ ഈ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തിനു വലിയ സംഭാവനകൾ നൽകുന്നു.

# മാഞ്ഞാലി കോട്ട

മാഞ്ഞാലിയിലെ കോട്ടയുടെ ചരിത്ര പ്രാധാന്യവും, കരുമാലൂർ പഞ്ചായത്തിന്റെ അഭ്യർഥനയും കണക്കിലെടുത്ത് മുസിരിസ് പൈതൃക പദ്ധതി എംഡി പി.എം. നൗഷാദ് മാഞ്ഞാലിയിലെ ടിപ്പു സുൽത്താൻ കോട്ടയും തുരങ്കവും സന്ദർശിച്ചു. 'ഈ നിർമിതികൾ മുസിരിസ് പദ്ധതിയിൽ ഉൾപ്പെടുന്നതു പരിഗണിക്കുന്നതിന് ആവശ്യമായ കൂടുതൽ പഠനങ്ങൾ നടത്തേതു്', പരിശോധനകൾക്കു ശേഷം അദ്ദേഹം അഭിപ്രായപ്പെട്ടു. തുരങ്കത്തിലേക്കുള്ള കവാടം ഇപ്പോൾ വലിയ കല്ലുകൾ വച്ച് അടച്ച നിലയിലാണ്. കാര്യമായ അറ്റകുറ്റപ്പണികളൊന്നും ചെയ്യാതെ നാശോന്മുഖമായി കിടക്കുകയാണ് കോട്ട. 20 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കോട്ടയ്ക്കുള്ളിൽ മൂന്നു വാതിലുകളോടു കൂടിയ രണ്ട് വലിയ മുറികളുമുണ്ട്.

# മുസിരിസ് പൈതൃക പദ്ധതി

- കേരള സർക്കാരിന്റെ ടൂറിസം വകുപ്പിനു കീഴിലുള്ള പൈതൃക സംരക്ഷണ പദ്ധതി.
- ടൂറിസം വകുപ്പ് തുടക്കമിട്ട അനൗപചാരിക വിദ്യാഭ്യാസ പദ്ധതികളിൽ ഏറ്റവും പ്രാമുഖ്യമേറിയത്.
- പൂർണസജ്ജമായ എട്ട് പൈതൃക മ്യൂസിയങ്ങൾ, വിവിധ പദ്ധതികൾ പുരോഗമിക്കുന്നു.
- പ്രാദേശിക സമ്പദ് വ്യവസ്ഥ, പരമ്പരാഗത വ്യവസായങ്ങൾ, കൈത്തൊഴിലുകൾ എന്നിവയിൽ ഊന്നൽ.
- വിവിധ ഏജൻസികളുമായി സഹകരിച്ച് ശക്തമായ അക്കാഡമിക്, ഗവേഷണ സംഭാവനകൾ.
- വിവിധ ദേശീയ, അന്തർദേശീയ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും സമൂഹത്തിന്റെയും സജീവ പങ്കാളിത്തം.
- കേരള സർക്കാർ അംഗീകരിച്ച ആദ്യത്തെ ഹരിത പദ്ധതി.
- ആലപ്പുഴ പൈതൃക പദ്ധതിയും പൊന്നാനി പൈതൃക പദ്ധതിയും പുരോഗമിക്കുന്നു.
- 'സ്പൈസ് റൂട്ട് പദ്ധതി' ആഗോള ടൂറിസം ഉത്പന്നമായി വികസിപ്പിച്ചെടുക്കുന്നതിന് യുനെസ്കോയുടെയും സഖ്യരാജ്യങ്ങളുടെയും സഹകരണം.

# പരമ്പരാഗത കരവിരുതുകളുടെ നവോത്ഥാനം

മുസിരിസ് പ്രദേശത്തിനു കീഴിലുള്ള ഗ്രാമങ്ങൾ ഗ്രാമീണ കരകൗശലവിദ്യകളാലും അവയിൽ പ്രാവീണ്യമുള്ള വിദഗ്ധരാലും സമ്പന്നമായിരിക്കുന്നു. ചേന്ദമംഗലം കൈത്തറി ഒരുകാലത്ത് കേരളത്തിന്റെ മുഴുവൻ കൈത്തറി മേഖലയെ പ്രതിനിധീകരിച്ചിരുന്നതാണ്. മൺപാത്ര നിർമാണം, കുട്ടനിർമാണം, ലോഹപ്പണി, സ്വർണപ്പണി, മത്സ്യബന്ധനം, പായ നെയ്ത്ത്, പപ്പടം നിർമാണം, കയർ നിർമാണം തുടങ്ങിയവയെല്ലാം ഈ പ്രദേശത്തുണ്ട്. ഇവയിൽ വ്യാപൃതരായ ഓരോ തൊഴിലാളിക്കും സമൂഹത്തിൽ അവരുടേതായ പങ്ക് വഹിക്കാനുണ്ട്. എന്നാൽ, ചുരുങ്ങിപ്പോയ പ്രാദേശിക വിപണികളും വരുമാനത്തിൽ വന്ന കുറവും കാരണം പലരും പരമ്പരാഗത കൈത്തൊഴിലുകൾ ഉപേക്ഷിക്കാൻ നിർബന്ധിതരാകുകയാണ്.

മുസിരിസ് പ്രദേശത്തെ മൺമറഞ്ഞു പോകുന്ന വിവിധ പരമ്പരാഗത കൈത്തൊഴിലുകൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി മുസിരിസ് പൈതൃക പദ്ധതി ന്യൂഡൽഹിയിലെ ഇന്ത്യൻ നാഷണൽ ട്രസ്റ്റ് ഫോർ ആർട്ട് ആൻഡ് കൾച്ചറൽ ഹെറിറ്റേജുമായി (ഐഎൻടിഎസിഎച്ച്) ഒരു ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു. രൂപകൽപ്പന, വൈദഗ്ധ്യ വികസനം, നിലവാരം ഉറപ്പാക്കൽ തുടങ്ങിയവയിൽ സംയുക്ത പരിശ്രമങ്ങളാണ് ലക്ഷ്യം.

# MUZIRIS INTERNATIONAL RESEARCH AND CONVENTION CENTRE

Pullut, Kodungallur



| | |
|---|---|
| Convention Centre Hall with Dining hall Rent (A/C) | Rs. 1,29,950.00 |
| Convention Centre Hall with Dining hall Rent (with out A/C) | Rs. 1,18,050.00 |
| Convention Centre Hall with (A/C) | Rs. 79,970.00 |
| Convention Centre Hall (with out A/C) | Rs. 67,475.00 |
| Dining hall Rent | Rs. 67,475.00 |
| Suite Room | Rs. 3,125.00 |
| Premium Room | Rs. 2,499.00 |

* Rates are including GST & CESS

Ph : +91 0480 2807717, 7034497987




| | |
|---|---|
| 24 pax | - Rs.19800/- |
| 16 pax | - Rs.13500/- |
| 5 pax | - Rs.6142/- |
| 22 Students pax | - Rs.15400/- |
| 33 Students pax | - Rs.23100/- |

Contact : 9020864649

muzirisheritage
www.muzirisheritage.org

## Muziris Projects Ltd

Near K.K.T.M College, Pullut P.O., Kodungallur - 680 663
Thrissur, Kerala, India - Ph.: +91 0480 2807717

അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ,
മുസിരിസ് പ്രോജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള – ഫോൺ : 0480 2807717